RCS/2110/2022-G(4)

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി :21.05.2024

## സർക്കുലർ നമ്പർ 16 /2024

വിഷയം :- സഹകരണ വകുപ്പ്-2024 ജൂൺ 5-പരിസ്ഥിതി ദിനം-നിർദ്ദേശങ്ങൾ നൽകുന്നത് - സംബന്ധിച്ച്.

ലോക പരിസ്ഥിതി ദിനമായ ജൂൺ 5-ാം തീയതിയിൽ 2018 മുതൽ സഹകരണ വകുപ്പ് 'ഹരിതം സഹകരണം'എന്ന പേരിൽ ഒരു പദ്ധതി നടപ്പാക്കി വന്നിരുന്നു. 2018 മുതൽ 2022 വർഷം വരെ 5 ലക്ഷം ഫലവൃക്ഷത്തൈകൾ സഹകരണ വകുപ്പ് നട്ടു പിടിപ്പിക്കുകയുണ്ടായി. ഇതിന്റെ തുടർച്ചയായി 2023 വർഷത്തിൽ മാങ്കോസ്റ്റീൻ തൈകളാണ് നട്ടുപിടിപ്പിച്ചത്. 2024 ലെ പരിസ്ഥിതിദിനത്തിൽ പ്ലാവ് ആണ് നട്ടു വളർത്തുന്നതിന് ഉദ്ദേശിച്ചിട്ടുള്ളത്. ചക്കയ്ക്ക് ആഗോളതലത്തിൽ തന്നെ വിപണി സാദ്ധ്യതകൾ ഉള്ളതും, ധാരാളം മൂല്യവർദ്ധിത ഉല്പന്നങ്ങൾ ചക്കയിൽ നിന്നും ഉല്പാദിപ്പിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ചക്കയുടെ ഉല്പാദനം വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു.ടി സാഹചര്യത്തിലാണ് പ്ലാവ് നട്ടുപിടിപ്പിക്കുന്നതിന് തീരുമാനിച്ചിരിക്കുന്നത്. പദ്ധതി വിജയകരമായി നടപ്പിലാക്കുന്നതിന് ചുവടെ പറയും പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

- ലോക പരിസ്ഥിതി ദിനമായ ജൂൺ 5 ന് ടി പദ്ധതി ആരംഭിക്കേണ്ടതാണ്.
- എല്ലാ സഹകരണ സ്ഥാപനങ്ങളും ഇതിന്റെ ഭാഗമാകേണ്ടതും, തങ്ങളുടെ അധീനതയിലുള്ള സ്ഥലത്തും, ബന്ധപ്പെട്ട അധികാരികളുടെ അനുമതിയോടെ പൊതു സ്ഥലങ്ങളിലും പ്ലാവിൻ തൈകൾ നട്ടുപിടിപ്പിക്കേണ്ടതാണ്.
- പദ്ധതി നടപ്പിലാക്കേണ്ടത് പൂർണ്ണമായും ഹരിത ചട്ടങ്ങൾ പാലിച്ചുകൊണ്ടായിരിക്കണം.
- പദ്ധതിയുടെ പ്രചരണാർത്ഥം പരസ്യമാർഗ്ഗങ്ങൾ ഉപയോഗിക്കുന്നത് പ്രകൃതി സൗഹൃദ ഉല്പന്നങ്ങൾ ഉപയോഗിച്ചായിരിക്കണം.
- പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ ചെലവ് സംഘങ്ങളുടെ പൊതു നന്മാഫണ്ടിൽ/ജനറൽ ഫണ്ടിൽ നിന്നും വിനിയോഗിക്കാവുന്നതാണ്.
- ഓരോ ജില്ലയിലും പരമാവധി തൈകൾ നട്ടുപിടിപ്പിക്കേണ്ടതാണ്.
- എല്ലാ ജില്ലകളിലും ഇതിന്റെ ഉദ്ഘാടന പരിപാടിയോടനുബന്ധിച്ച് പരിസ്ഥിതി ബോധവത്ക്കരണ ക്ലാസുകൾ/പരിപാടികൾ, ചർച്ചകൾ എന്നിവയും സംഘടിപ്പിക്കാവുന്നതാണ്.

ജില്ലാതലത്തിൽ പദ്ധതിയുടെ ഏകോപനവും അവലോകനവും, നടത്തുന്നതിന് അതാതു ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)രെ ചുമതലപ്പെടുത്തുന്നു.ഈ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഫോട്ടോ അടക്കമുള്ള റിപ്പോർട്ട് സഹകരണ വീഥിയിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി ലഭ്യമാക്കേണ്ടതും,അതോടൊപ്പം പദ്ധതിയുടെ പുരോഗതി റിപ്പോർട്ട് ചുവടെ ചേർക്കുന്ന പ്രൊഫോർമയിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

പ്രൊഫോർമ

| ജില്ല | സഹകരണ സംഘത്തിന്റെ പേര് | നട്ട തൈകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| | | | |

(ഒപ്പ്)
ജോതിപ്രസാദ് .ആർ
അഡീഷണൽ രജിസ്ട്രാർ(ക്രെഡിറ്റ്)
സഹകരണ സംഘം രജിസ്ട്രാർ(ഇൻ-ചാർജ്)

പകർപ്പ് : - (1) എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും.
(2) എല്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
(3) എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)/അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്),( ജോയിന്റ് രജിസ്ട്രാർ (ജനറൽ)/ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) )മാർ മുഖേന
(4) എല്ലാ സഹകരണ സംഘങ്ങൾക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
(5) എഡിറ്റർ, സഹകരണ വീഥി
(6) വെബ് സൈറ്റ്
(7) സ്റ്റോക്ക് ഫയൽ.

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (എസ് സിറ്റി/പിറ്റി)